# കിളിവാതിൽ

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2018-2019**

## സെന്റ് . തോമസ് കോളേജ് എച്ച്.എസ്.എസ്

## തൃശ്ശൂർ





# ആമുഖം


മാന്ത്രിസൂക്തം........................................................................................3

കിളിവാതിൽ........................................................................................ 4

സന്ദേശം........................................................................................5

ചരിത്രം........................................................................................6

ഗത്യന്തരമില്ലാ ജീവിതം........................................................................................15

Our Earth........................................................................................16

നിഴൽപ്പാട്ടുകൾ........................................................................................17

മൂന്നു മാലാഖമാർ........................................................................................18

Best friends........................................................................................19

സത്യസന്ധനായ വൃദ്ധൻ........................................................................................20

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട........................................................................................21

പ്രളയം........................................................................................22

യാത്രാവിവരണം........................................................................................23

പ്രതിഭകൾ........................................................................................24

നിറക്കൂട്ട്........................................................................................25

അണിയറയിൽ........................................................................................26


കിളിവാതിൽ

## മാന്ത്രികസൂക്തം

**ഞാൻ നിങ്ങൾകൊരു മാന്ത്രികസൂക്തം തരാം**
**നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത**
**നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു**
**ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.**

**നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനും നിസ്സാഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചു നോക്കുക എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചു നോക്കുക അതുകൊണ്ട് അയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണി കിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?**



***അപ്പോൾ***
***സംശയങ്ങളില്ലാതാകുന്നതായും***
***അഹന്തഅലിഞ്ഞു പോകുന്നതായും***
***നിങ്ങൾക്ക് അനുഭവപ്പെടും***

*ഗാന്ധിസാഹിത്യ സംഗ്രഹം* (ഗാന്ധിജി)

സ്കൂൾ അന്തരീക്ഷം ഏറെ മാറി, നിറയെ പുതുമകളോടെ ആയിരുന്നു ഈ അധ്യയന വർഷം കടന്നു പോകുന്നത്. ക്ലാസ്സ് മുറികൾ ശബ്ദവും ദൃശ്യവും എല്ലാമുള്ള മനോഹരമായ പഠനാന്തരീക്ഷമുള്ള ഇടങ്ങളായി മാറി. ഇങ്ങനെയുള്ള ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സാങ്കേതിക അറിവ് വളർത്തുന്നതിനായി രൂപീകരിക്കപ്പെട്ട ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ ഐ.ടി രംഗത്ത് തിളക്കമുള്ള മാതൃകയായപ്പോൾ ഞങ്ങളും അതിന്റെ ഭാഗമായി മാറി. ഏറെ സന്തോഷത്തോടു കൂടിയാണ് ഡിജിറ്റൽ മാഗസിൻ പ്രവർത്തനങ്ങളിൽ പങ്കെടുത്തത്. ലിറ്റിൽ കൈറ്റിലെ എല്ലാ അംഗങ്ങളും, സ്കൂളിലെ പ്രധാന അദ്ധ്യാപികയും, മറ്റു അദ്ധ്യാപകരും സ്നേഹപൂർവ്വം ഞങ്ങൾക്ക് കൂട്ടായി ഉണ്ടായിരുന്നു.

എല്ലാവരോടുമുള്ള നന്ദിയോടെ ഈ കിളിവാതിൽ നിങ്ങൾക്കായി സ്നേഹപൂർവ്വം തുറക്കട്ടെ.

ജോവിൻ ജോൺ
9A
എഡിറ്റർ

സന്ദേശം

# പുതു തലമുറയോടൊപ്പം

**പ്രളയാനന്തരം നവോത്ഥാന പാതയിലേക്ക് കേരളം ഉയിർത്തെഴുന്നേൽക്കുന്ന ഈ വേളയിൽ നമ്മുടെ കുട്ടികളുടെ സാങ്കേതികമികവിന്റെ പഠനയാത്രയിൽ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങളും അങ്ങയറ്റം പ്രശംസിക്കപ്പെടേണ്ടതാണ്. സെന്റ് . തോമസ് കോളേജ് എച്ച്.എസ്.എസ് തൃശ്ശൂരിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അണിയിച്ചൊരുക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ അഭിനന്ദനങ്ങളും പിന്തുണയും അർപ്പിച്ചുകൊള്ളട്ടെ.**



ശ്രീമതി.ജെസ്സി പൊറിഞ്ചു
ഹെഡ്മിസ്ട്രസ്

# 130 സെന്റ്.തോമസ് കോളേജ് എച്ച് എസ് എസ് തൃശ്ശൂർ

## വർഷങ്ങൾ........



**കേ**രളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സുരാസുരഭേദമെന്യേ വിദ്യാമൃതം വിളമ്പിക്കൊടുക്കാൻ കത്തോലിക്കർ കേരളത്തിൽ കെട്ടിപ്പടുത്ത പ്രമുഖ എയ്ഡഡ് വിദ്യാലയങ്ങളിലൊന്നാണ് തൃശ്ശൂർ, സെന്റ് തോമസ് കോളേജ് ഹൈസ്കൾ. തൃശ്ശൂർ വികാരിയാത്തിന്റെ (തൃശ്ശൂർ രൂപതയുടെ പൂർവ്വനാമം) ആദ്യത്തെ വികാരി അപ്പസ്തോലിക്കയും ആംഗ്ലോ ഇന്ത്യൻ വംശജനമായ മാർ. അഡോൾഫസ് എഡ്വിൻ മെഡ്‌ലിക്കോട്ട് തിരുമനസ്സാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. (വികസ്വരമായ കത്തോലിക്ക സഭാ സമൂഹത്തെ ഭരിക്കുന്നതിന്നു പ്രായേണ പ്രഥമമായി സ്ഥാപിക്കുന്നതു വികാരിയാത്തും, വികസിത സഭക്ക് രൂപതയും, ആയിരിക്കും. ലത്തീൻ ക്രമമനുസരിച്ചാണ് വികാരിയാത്തെന്നു പറയുക, പൗരസ്ത്യസഭക്ക് എക്സാർക്കേറ്റായിരിക്കും. വികാരിയാത്തിന്റെ അധിപൻ വികാരിഅപ്പസ്തോലിക്കയാണ്. 1889 -ൽ അദ്ദേഹം വൈദീക വിദ്യാർത്ഥികൾക്കു

വേണ്ടി സെന്റ് തോമസ് ബോർഡിങ്ങ് സ്കൂൾ ആരംഭിച്ചു. ക്രമേണയായി ചുറ്റുപാടുമുള്ള മറ്റു വിദ്യാർത്ഥികൾക്കും പ്രവേശിനമനുവദിച്ചു. അദ്ദേഹം സ്ഥാപിച്ച ഈ സ്ഥാപനം കേരളത്തിന്റെ വികസനരംഗത്ത് നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

ആരംഭത്തിൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച കേരളത്തിലെ പുരാതനമായ ഈ കത്തോലിക്ക വിദ്യാലയത്തിന് 130 വർഷത്തെ പഴക്കമുണ്ട്.1894- ൽ ഇറ്റാലിയൻ മിഷനറിയായ റവ. ഫാ.സാംബനെല്ലിയാണ് ഈ സ്ഥാപനത്തെ ഹൈസ്കൂളായി ഉയർത്തിയതും പിന്നീട് സെന്റ് തോമസ് കോളേജെന്ന് നാമകരണം ചെയ്തതും.1895-ൽ മാർ. അഡോൾഫ്സ് എഡ്വിൻ മെഡ്ലിക്കോട്ട് ഇപ്പോൾ കോളേജ് ഇരിക്കുന്ന സ്ഥലം വാങ്ങുകയും ഫാ. പോൾ ആലപ്പാട്ടിനെ മാനേജറും റെക്ടറുമായി നിയമിക്കുകയും ചെയ്തു.



മാർ.അഡോൾഫസ്
എഡ്വിൻ മെഡ്ലിക്കോട്ട്

തൃശ്ശൂർ വികാരിയാത്ത് രൂപതയായി ഉയർത്തിയത് മാർ. ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിന്റെ കാലത്താണ്, 1923 ൽ). ചരിത്രപണ്ഡിതനായ മാർ. മെഡ്ലിക്കോട്ട് പിതാവ് ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനായ (ക്രിസ്തുശിഷ്യൻ) മാർത്തോമയോട് പ്രത്യേകം സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചിരുന്നുവെന്നതിനു ഉത്തമ ദൃഷ്ടാന്തമാണ് അദ്ദേഹത്തിന്റെ 'തോമശ്ലീഹ' എന്ന ഗ്രന്ഥം. പ്രസ്തുതാഭിനിവേശം തന്നെയാണ് ഈ സ്ഥാപനത്തിനു 'സെന്റ് തോമസ്" എന്ന നാമകരണത്തിനു കാരണവും. പ്രാരംഭത്തിൽ ഇൻഫെന്റ് ക്ലാസ്സ്- അരക്ലാസ്സ് -ഉൾപ്പെടെ പ്രൈമറി ക്ലാസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു . എന്നിട്ടും സ്കൂളിന് സെന്റ് തോമസ് കോളേജ് എന്ന പേര് കൊടുത്തത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വത്തിനു മകുടോദാഹരണമാണ്. മുപ്പതുകൊല്ലത്തിനുശേഷം (1919-ൽ) ഇവിടം ഒരു കോളേജാണ്ടാവാകാം,1925- ൽ കോളേജ് കൊച്ചി രാജ്യത്തെ ആദ്യത്തെ ഫസ്റ്റ് ഗ്രേഡ് കലാലയമാവുകയും ചെയ്തു.(1956 നവംബർ ഒന്നിനു രൂപംകൊണ്ട കേരളത്തിലെ മുൻ മൂന്നുപ്രധാന ഭാഗങ്ങൾ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിവയാണല്ലോ.)തുടക്കത്തിൽ ബിഷപ് പാലസ്സിൽത്തന്നെയാണ് സ്കൂൾ പ്രവർത്തിച്ച് പോന്നത്. മെഡ്ലിക്കോട്ട് പിതാവിന്റെ ആസ്ഥാനം ഇപ്പോൾ കാണുന്ന ലത്തീൻ പള്ളിയുടെപിന്നിൽ കിഴക്കുഭാഗത്തായി 'ഒളരിക്കാരുടെ

സ്ഥല'മെന്നറിയപ്പെട്ടിരുന്നിടമാണ്. ഇപ്പോഴത്തെ ബിഷപ് പാലസ് 1896 ലാണ് പണി കഴിപ്പിക്കപ്പെട്ടത്. ആദ്യകാലത്തെ ലത്തീൻ കപ്പേള ഇപ്പോഴത്തെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ സ്ഥാനത്തുണ്ടായിരുന്ന മിലിറ്ററി ഓഫീസ്സുകളിലെ കത്തോലിക്കർക്ക് കുർബ്ബാന കാണുന്നതിനു സ്ഥാപിച്ചതായിരുന്നു. ഇപ്പോഴത്തെ പട്ടാളം റോഡ് ഇതോടടുത്താണല്ലോ. വൈദിക വിദ്യാർഥികൾക്ക് സാമാന്യ വിദ്യാഭ്യാസം നൽകുമായിരുന്ന ഈ പ്രാഥമിക വിദ്യാലയത്തിന്റെ പ്രഥമ ലക്ഷ്യം. അന്നു വൈദീകരാകുന്നതിനു സാമാന്യ വിദ്യാഭ്യാസ യോഗ്യത അത്യാവശ്യമായിരുന്നില്ല. ഇവർക്കു പുറമെ ചുറ്റുപാടുമുള്ള മറ്റു വിദ്യാർത്ഥികൾക്കും ഈ സ്ഥാപനത്തിൽ പ്രവേശനമനുവദിച്ചു. ഹിന്ദു മതത്തിൽ 'ഐത്തം' തുടങ്ങിയ ദുരാചാരങ്ങൾ നിലവിലിരുന്ന അക്കാലത്ത് സവർണാവർണ്ണ ഭേദമെന്യേ ഇവിടെ വിദ്യാമൃതം നുകരുവാൻ അവസരമുണ്ടാക്കിയ മെഡ്ലിക്കോട്ടു പിതാവിന്റെ ഹൃദയവിശാലതയും സമത്വബോധവും സ്നേഹവായ്പ്പും വാഴ്ത്തപ്പെടേണ്ടതാണ്. ഇദ്ദേഹത്തിന്റെ പാവനസ്മരണ നിലനിർത്തുന്നതിനുവേണ്ടി പിന്നീട് സെന്റ് തോമസ് കോളേജിന്റെ താഴത്തെ നിലയിലുള്ള ഹാളിന് 'മെഡ്ലിക്കോട്ട് ഹാൾ' എന്നു നാമകരണം ചെയ്തിട്ടുണ്ട് എന്ന വസ്തുത ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

പ്രൈമറി ക്രമേണ 9-ാം ക്ലാസ്സ് വരെ ഉയർന്നു.എന്നാൽ ഉയർന്ന ക്ലാസ്സുകളിലേക്ക് കുട്ടികൾ കുറവായതുകൊണ്ട് 1896- ൽ മാനേജർ 8- ഉം 9 -ഉം ക്ലാസ്സുകൾ നിർത്തലാക്കി. അക്കാലത്തു കേരളത്തിലെ മിക്ക കുടുംബങ്ങളും ദാരിദ്ര്യത്തിലും അജ്ഞതയിലും പെട്ട്, കുട്ടികളെ വിദ്യാലയങ്ങളിലേതയെയ്ക്കുക അപൂർവ്വമായിരുന്നു. എന്നാൽ നല്ലൊരു ലോവർ സെക്കണ്ടറി സ്കൂളായി ഇസ്ഥാപനം തുടർന്നു നടത്തുകയുണ്ടായി. അതോടൊപ്പം ബോർഡിങ്ങ് സൗകര്യവും ഏർപ്പെടുത്തിയിരുന്നു.1896 ഒക്ടോബറിൽ മാർ. ജോൺ മേനാച്ചേരിതിരുമേനി മെഡ്ലിക്കോട്ട് തിരുമനസ്സിന്റെ പിൻഗാമിയായി വന്നു. സ്വദേശിയായ ആദ്യത്തെ മെത്രാൻ സ്ഥാനക്കാരനായ വികാരി അപ്പസ്തോലിക്കയാണ് മേനാച്ചേരി. വിദ്യാഭ്യാസകാര്യത്തിൽ അതീവ തൽപരനായിരുന്ന ഇദ്ദേഹം. ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടം വേണമെന്നും അതിനുള്ള പണം ഇടവക ജനങ്ങൾതന്നെ വഹിക്കണമെന്നും ഇദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഇദ്ദേഹം തന്നെയാണ് ഇന്നു കാണുന്ന സ്ഥലത്തെ കെട്ടിടത്തിനു തുടക്കമിട്ടത്. സ്കൂളിന് യോജിച്ച ഒരു കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പുതിയവികാരി അപ്പസ്തോലിക്കയുടെ ആദ്യലക്ഷ്യം.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് പേരുകേട്ട തൃശ്ശൂർ പട്ടണത്തിന്റെ പകിട്ടിനും പ്രൗഢിക്കും സെന്റ് തോമസ് സൗധം ഒരു മുതൽക്കൂട്ടു തന്നെയാണ്.തൃശ്ശൂർ വികാരിയാത്തു സാമ്പത്തിക പരാധീനതയിൽ കഴിഞ്ഞിരുന്ന അക്കാലത്ത് പോക്കറ്റിൽകേവലം പത്തുരൂപ കൈമുതലായാണ് മേനാച്ചേരി

തിരുമനസ്സ് ഈ തീവ്രയത്നത്തിന് ഒരുങ്ങിയതെന്ന് സ്കൂളിന്റെ ഹെഡ്മാസ്റ്ററും പിന്നീട് സെന്റ് തോമസ് കോളജിന്റെ പ്രഥമ പ്രിൻസിപ്പാളുമായ ജോൺ പാലോക്കാരനച്ചന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിക്കാണുന്നു. കൊച്ചി മഹാരാജാക്കന്മാരിൽ ഒരു 'തമ്പുരാന്റെ' ഭാര്യഗൃഹമായ തൃശ്ശൂരിലെ കരമ്പറ്റത്തറവാട്ടുകാരിൽ നിന്ന് വാങ്ങിയ പറമ്പിലാണ് ഈ ഉത്തുംഗസൗധം കെട്ടിപ്പടുത്തത്. ഇതു വാങ്ങുന്ന അവസരത്തിൽ, അപ്പൻതമ്പുരാന്റെ ശൈലിയിൽ 'മുള്ളുമുരട്ട് മൂർഖൻ പാമ്പുംകല്ലുകരട്ട് കാഞ്ഞിരക്കുറ്റിയും' നിറഞ്ഞ ഒരു പറമ്പായിരുന്നു. കെട്ടിടത്തിന്റെ മൂന്നാം നിലയിലാണ് വൈദിക വിദ്യാർത്ഥികൾ വസിച്ചിരുന്നത്.കോളേജു കെട്ടിടത്തിന്റെ പണി 1918 ലാണ് തുടങ്ങിയത്. അതു പൂർണ്ണമാക്കിയത് തൃശ്ശൂർ വികാരിയാത്ത് രൂപതയായി ഉയർന്ന് അതിന്റെ ആദ്യത്തെ മെത്രാനായിത്തീർന്ന മാർ. ഫ്രാൻസിസ് വാഴപ്പിള്ളി തിരുമേനിയാണ്. 1901- ൽ സ്കൂളിന്റെ കെട്ടിടം പണി പൂർത്തിയായപ്പോൾ 8, 9, 10 ക്ലാസ്സുകൾ ആരംഭിച്ചു.1904- ൽ മെട്രിക്കുലേഷന്റെ (ഇന്നത്തെ എസ്. എസ്. എൽ. സി.) ആദ്യബാച്ച് പബ്ലിക് പരീക്ഷയിരുന്നു.സ്കൂളിന്റെ ആദ്യ മാനേജർ ഫാ. പോൾ കുറ്റിക്കാട്ടച്ചനും, പ്രഥമ ഹെഡ്മാസ്റ്റർ ശ്രീമാൻ. സി.പി. ശങ്കുണ്ണിമേനോനുമായിരുന്നു. അധ്യാപകന്മാരുടെ ആത്മാർത്ഥമായ അദ്ധ്വാനവും, വിദ്യാർഥികളുടെ അച്ചടക്ക പൂർണ്ണമായ അദ്ധ്യയനവും, അധികാരികളുടെ അവസരോചിതമായ പ്രോത്സാഹനവും കൊണ്ട് സെന്റ് തോമസ് കോളേജ് ഹൈസ്കൂൾ പ്രശസ്തിയിൽ നിന്നു പ്രശസ്തിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു . ഹൈസ്കൂൾ -തൃശ്ശൂർ രൂപത കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലാകുന്നതുവരെ ഇവിടെ അധ്യാപികമാർ പഠിപ്പിച്ചിരുന്നില്ല.ഹൈസ്കൂൾ പ്രശസ്തിയുടെ പാരമ്യത്തിലെത്തിയതു 1919 മുതൽ 1946 വരെ ഹെഡ്മാസ്റ്ററായിരുന്ന ജോസഫ് പുല്ലോക്കാരനച്ചന്റെ സമർത്ഥമായ നേതൃത്വമുള്ളപ്പോഴാണ് എം. എ. എൽ. ടി. കാരും, ബി. എ. എൽ, ടി.ക്കാരുള്ളപ്പോൾ 10-ാം ക്ലാസ്സ് പരീക്ഷയ്ക്കിരുന്നിട്ടില്ലാത്ത പുലോക്കാരനച്ചനെ അന്നത്തെ മാനേജർ, ഹെഡ്മാസ്റ്ററാക്കിയത് അദ്ദേഹത്തിന്റെ ആത്മാർത്ഥവും ബഹുമുഖവുമായ കഴിവുകളെ കണക്കിലെടുത്തു തന്നെയായിരുന്നു. പുലോക്കാരനച്ചൻ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ സെന്റ് തോമസ്സിൽ തന്നെയാണ് പഠിച്ചിരുന്നത്. പത്തിൽ പഠിക്കുമ്പോൾ, ഒരു സംഘം വൈദിക വിദ്യാർത്ഥികളെ സിലോണിലെ കാണ്ടി സെമിനാരിയിലേക്ക് അയയ്ക്കുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ പുല്ലോക്കാരനും ഉൾപ്പെട്ടു. വൈദികനായപ്പോൾ കിട്ടിയ സ്പെഷൽ ഡിപ്ലോമ അക്കാലത്തെ കൊച്ചി രാജ്യത്തെ വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ചതുകൊണ്ടാണ് ഇദ്ദേഹത്തിനു ആദ്യം ഹൈസ്കൂൾ അധ്യാപകനാകാൻ കഴിയത്.അന്ന് കൊച്ചി രാജ്യത്തെ വിദ്യാഭ്യാസ ഡയറക്ടറാഫീസ് ഇപ്പോഴത്തെ

ശക്തൻനഗറിന് എതിർവശത്തുള്ള ജില്ലാ മെഡിക്കൽ സ്റ്റോഴ്സ് കെട്ടിടത്തിലായിരുന്നു. ലോകമഹായുദ്ധകാലത്ത് കൊച്ചിയിലിറങ്ങിയ പട്ടാളക്കാരുടെ 'പൂവാല ശല്യം' മൂലം എറണാകുളത്തെ സെന്റ് തെരീസാസ് കോളജ്, തൃശ്ശൂർ ലാറ്റിൻ കോൺവെന്റ് സ്ഥലത്തേക്കു മാറ്റി 'കാർമൽ കോളേജ്" എന്ന പേരിൽ പ്രവർത്തിച്ചുതുടങ്ങി. കോളേജ് വിദ്യാർഥിനികൾക്ക് താമസിക്കാനുള്ള ഹോസ്റ്റലിന് മേല്പറഞ്ഞ ഡയറക്ടറാഫീസ് ഒഴിഞ്ഞുകൊടുക്കുകയും, ഇപ്പോഴത്തെ സെന്റ് തോമസ് കോളേജിന്റെ സയൻസ് ബ്ലോക്കിന്റെ സ്ഥാനത്തേക്ക് ഡയറക്ടറാഫീസ് മാറ്റി സ്ഥാപിക്കുകയും ചെയ്തു. അന്ന് അവിടെ ഒരു സിറിയൻ പ്രൈമറി ഗേൾസ് സ്കൂളും പ്രവർത്തിച്ചിരുന്നു. പിന്നീട് അത് ഗവൺമെന്റ് സ്കൂളാക്കി. കാലാന്തരത്തിൽ ഗവൺമെന്റ് അത് നിർത്തലാക്കി. ഡയറക്ടറാഫീസിനോടനുബന്ധിച്ച് പബ്ലിക് എക്സാമിനേഷൻ ബോർഡ് ഓഫിസും ഉണ്ടായിരുന്നു. അക്കാലത്ത് നാലിലും,എഴിലും, പത്തിലും പബ്ലിക് പരീകളാണുണ്ടായിരുന്നത്. പിന്നീട് നാലിലും അതിനുശേഷം തിരുക്കൊച്ചിയായപ്പോൾ 1949 മാർച്ചിന് ശേഷം ഏഴിലും പബ്ലിക്ക് പരീക്ഷകൾ നിർത്തലാക്കുകയുണ്ടായി. ഇന്നും, പഴയപോലെ നാലിലും, ഏഴിലും പബ്ലിക് പരീക്ഷകൾ ഏർപ്പെടുത്തുകയാണെങ്കിൽ വിദ്യാർത്ഥികളുടെ പഠനാവേശം വളർത്താനും; സമരാവേശവും അച്ചടക്കരഹിതമായ ഇന്നത്തെ പെരുമാറ്റങ്ങൾ കുറെയൊക്കെ ഒഴിവാക്കാനും ഉതകുന്നതാണ്. എന്നാൽ പഠിച്ചില്ലെങ്കിലും പാസ്സാക്കാനുള്ള പ്രവണത നിലനിർത്തിയില്ലെങ്കിൽ ആധുനിക രാഷ്ട്രീയ ചെപ്പിടിവിദ്യ കൾക്ക് വിദ്യാർത്ഥികളെ വശത്താക്കാൻ വയ്യാതാകുമല്ലോ. എന്നാൽ സെന്റ് തോമസ് ഉൾപ്പെടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും പൊതുപരീക്ഷാ സമ്പ്രദായം നടപ്പാക്കുകയും, നാലിലും ഏഴിലും എല്ലാ വിഷയങ്ങളിലുമുള്ള ഉത്തരക്കടലാസ്സുകൾ മറ്റു സ്കൂളുകളിലെ അദ്ധ്യാപകരെക്കൊണ്ട് പരിശോധിപ്പിച്ച് ഉയർന്ന വിജയശതമാനം സിദ്ധിക്കുന്ന സ്കൂളിനും അദ്ധ്യാപകർക്കും സമ്മാനങ്ങൾ എർപ്പെടുത്തുകയും ചെയ്തിട്ടുള്ളത് ആത്മാർത്ഥമായ അധ്യാപനം നിർവ്വഹിക്കുന്നതിന് സാരമായ സംഭാവനയാണന്നവസ്തുത ഈ സന്ദർഭത്തിൽ സന്തോഷപൂർവ്വം സ്മരിക്കുന്നു.

1919 ഏപ്രിലിൽ അന്നത്തെ തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോൺ മേനാച്ചേരി ഉദ്ഘാടനം ചെയ്തു ഈ ഹൈസ്കൂൾ, സെക്കന്റ് ഗ്രേഡ് കോളേജായി ഉയർത്തുകയും, ഫാ. ജോൺ പാലോക്കാരനെ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പലായി നിയമിക്കുകയും ചെയ്തു. സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഫാ. ജോൺ പാലോക്കാരൻ പിന്നീട് ഹെഡ്മാസ്റ്ററായി. ഈ സ്ഥാപനത്തെ ഒരു കോളേജായി ഉയർത്തുന്നതിൽ അദ്ദേഹം മുഖ്യപങ്കു

വഹിക്കുകയും ചെ യ്തു. ജൂൺ 8-ാം തിയ്യതി ജൂനിയർ ഇന്റർമീഡിയറ്റ് ക്ലാസ്സുകൾ ആരംഭിക്കുകയും, അതേ വർഷം ആഗസ്റ്റിൽ കോളേജിന്റെ ഉദ്ഘാടനം കൊച്ചി രാജാവായിരുന്ന ബഹുമാന്യ ശ്രീ. ശ്രീ. രാമവർമ്മ തമ്പുരാൻ നിർവ്വഹിക്കുകയും ചെയ്തു.ഭരണഭാരം സ്വയം ഒഴിഞ്ഞുകൊടുത്ത ഒരു കൊച്ചി മഹാരാജാവിന്റെപുത്രനും തൃശ്ശൂർക്കാരനുമായ ശ്രീ. ഐ. എൻ. മേനോൻ ഡയറക്ടറായിരിക്കുമ്പോൾ സെന്റ് തോമസ്സിന്റെ ഭരണാധികാരികൾക്ക് അദ്ദേഹത്തിൽ അസാമാന്യമായ സ്വാധീനശക്തിയുണ്ടായിരുന്നു. ദിവാനായിമുന്ന ശ്രീമാൻ ഷൺമുഖം ചെട്ടിയും സെന്റ് തോമസ്സിന്റെ ഭരണാധിപന്മാരോട് വലിയ മതിപ്പായിരുന്നു.

പുല്ലോക്കാരനച്ചന്റെ ആജ്ഞാശക്തിയും നിസ്വാർത്ഥതയും കർമ്മശേഷിയും സ്നേഹസമ്പത്തും സാമൂഹ്യസേവനവും ദീർഘവീക്ഷണവും സ്പോർട്സ് പ്രേമവുമെല്ലാം സെന്റ് തോമസ്സിന്റെ കുതിച്ചുകയറ്റത്തിനുള്ള സോപാനങ്ങളായിത്തീർന്നു. 'പട്ടരിൽ പ്പൊട്ടരില്ല' എന്ന നാടൻ ശൈലിക്ക് പ്രത്യക്ഷത്തിലുള്ള തെളിവുണ്ടാക്കിയത് പുല്ലോക്കാരനച്ചനാണെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ സ്റ്റാഫിൽ 18 ഓളം പേർ പട്ടന്മാരായിരുന്നു. സെന്റ് തോമസ്സിലെ പൂർവ്വ വിദ്യാർത്ഥികൾ അന്നത്തെ പട്ടന്മാരായ അദ്ധ്യാപകരുടെ ആത്മാർത്ഥതയേയും അദ്ധ്യാപന പാടവത്തെയും പ്രത്യേകം പുകഴ്ത്തിപ്പറയുന്നത് സകൗതുകം കേട്ടിട്ടുണ്ട്. അദ്ധ്യാപകനായ ശ്രീ. ടി. എച്ച്. കൃഷ്ണയ്യരെ നിയമിച്ചപ്പോൾ അന്ന് സെന്റ് തോമസ് കോളേജ് സ്റ്റാഫംഗമായിരുന്ന ശ്രീ. എം. പി. പോൾ, പുല്ലോക്കാരനച്ചൻ പട്ടന്മാർക്ക് അമിതപ്രാധാന്യം കൊടുക്കുന്നതായി ആക്ഷേപസ്വരത്തിൽ പരസ്യവിമർശനം നടത്തുകപോലുമുണ്ടായിട്ടുണ്ട്. അദ്ധ്യാപക നിയമനത്തിൽ അദ്ധ്യാപന പാടവത്തിനാണ് പുല്ലോക്കാരനച്ചൻ പ്രാധാന്യം കൊടുത്തിരുന്നത്, അല്ലാതെ ജാതിമത ചിന്തകൾക്കായിരുന്നില്ല. ഏതുരംഗത്തും എല്ലാവരും ഈ മാതൃക അനുകരിക്കുകയാണെങ്കിൽ ഏതു പ്രസ്ഥാനവും പുരോഗതിപ്രാപിക്കുമെന്നതിന്നു പക്ഷാന്തരമുണ്ടാവില്ല. മാനേജർമാർക്ക് പുല്ലോക്കാരനച്ചനിൽ കണക്കറ്റസ്നേഹവിശ്വാസങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന് സെന്റ് തോമസ്സിലെ അദ്ധ്യാപകനിമയനത്തിൽ അസാമാന്യമായ സ്വാധീനം സിദ്ധിച്ചത്.

കേരളത്തിലെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി തുടങ്ങാൻ പ്രചോദനമുണ്ടായതും സെന്റ് തോമസ്സിൽ നിന്നാണ്. വിശക്കുന്ന വയറിനോട് വേദാന്തമോതിയിട്ട് പ്രയോജനമില്ലെന്ന് ആത്മാർത്ഥമായി ഗ്രഹിച്ചിരുന്ന ത്യാഗമൂർത്തിയായ പുല്ലോക്കാരനച്ചനിൽ, സാധു വിദ്യാർഥികൾക്ക് ഉച്ചഭക്ഷണവിതരണം എർപ്പെടുത്തിയിരുന്നു. കാപ്പിയും രണ്ടു നേത്രപ്പഴവുമാണുണ്ടാവുക; പഴമില്ലാത്തപ്പോൾ റൊട്ടിയോ മറ്റോ ആകും.

അക്കാലത്ത് കൊച്ചി രാജ്യത്തെ വിദ്യാർത്ഥികളുടെ ആരോഗ്യപരമായ പരിശോധനയ്ക്ക് തെക്കും വടക്കും ഭാഗങ്ങളിലേക്ക് ഓരോ ഡോക്ടറെ നിയോഗിച്ചിരുന്നു. ഇപ്രകാരം പരിശോധനക്കു വന്ന ഡോക്ടറുടെ ശ്രദ്ധയിൽ മേല്പറഞ്ഞ ഉച്ചഭക്ഷണ പരിപാടി പെടുകയും, സാധുകുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും പഠനത്തിനും ഇത് വലിയൊരു സഹായമാണെന്ന് ഡോക്ടർ മേലധികാരികൾക്ക് റിപ്പോർട്ട് എഴുതിയയ്ക്കുകയും ചെയ്തു. ഈ റിപ്പോർട്ട് കണ്ട ദിവാൻ ഷൺമുഖം ചെട്ടി അന്ന് ഡി. പി. ഐ. ആയിരുന്ന ശ്രീ, ഐ. എൻ. മേനോനുമായി മുൻകൂട്ടി അറിയിക്കാതെ ഉച്ചസമയത്ത് സെന്റ് തോമസ് സന്ദർശിക്കുകയും ഉച്ചഭക്ഷണ സമ്പ്രദായം നേരിൽക്കണ്ട് തൃപ്തിയടയുകയും ചെയ്തു. സന്തുഷ്ടനായ ദിവാൻ ഇതിലേക്ക് പുല്ലോക്കാരനച്ചന് നൂറ് രൂപ അയച്ചു കൊടുക്കുകയുണ്ടായി. അന്നത്തെ നൂറുരൂപയുടെ വില ഇന്നത്തെ ലക്ഷം രൂപയിലേറെ ആയിരിക്കുമെന്നു കൂടി ഓർക്കുക. തന്നെയുമല്ല, ദീവാൻ ശ്രീമാൻ അളഗപ്പച്ചെട്ടിയിൽ പ്രേരണ ചെലുത്തി നല്ലൊരു ഫണ്ടുണ്ടാക്കി കൊച്ചിരാജ്യത്തെ സ്കൂളിൽ സാധുവിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞിക്കുവേണ്ട ഏർപ്പാടുണ്ടാക്കുകയും ചെയ്തു.പുല്ലോക്കാരനച്ചൻ സെന്റ് തോമസ്സിൽ ഇതിനുവേണ്ട പണം സമാഹരിച്ചിരുന്നത് സ്വന്തം കയ്യിൽനിന്നും ധർമ്മോദയം, ക്ഷേമവിലാസം എന്നീ സ്ഥാപനങ്ങളിൽനിന്നും, പരേതനായ ശ്രീമാൻ ചാക്കോള പാലു ലോനപ്പനിൽ നിന്നുമായിരുന്നു. സ്പോർട്സിനോടുള്ള താല്പര്യം മൂലം കുട്ടികൾക്ക് കൊടുക്കുന്ന പരിശീലനം ഇദ്ദേഹം പലപ്പോഴും നേരിൽക്കാണുകയും പ്രോത്സാഹനാർത്ഥം അവർക്കും ലഘുഭക്ഷണം കൊടുക്കാനുള്ള സൗകര്യമേർപ്പെടുത്തുകയും ചെയ്തിരുന്നു. പുല്ലോക്കാരനച്ചൻ സെന്റ് തോമസ്സിൽ വാർഷികാഘോഷത്തോടൊപ്പം രക്ഷാകർത്തൃദിനം സംഘടിപ്പിക്കാൻ ആരംഭമിട്ടതാണ് മറ്റു സ്കൂളുകളിലും പിന്നീട് മാതൃകയായിത്തീർന്നതെന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

തുടക്കം മുതൽ തന്നെ കത്തോലിക്ക വിദ്യാർഥികൾക്ക് വേദോപദേശവും ഇതരർക്ക് സന്മാർഗ്ഗോപദേശവും ഇവിടെ നിർബന്ധപൂർവ്വം കൊടുത്തുകൊണ്ടിരുന്നു.വിജ്ഞാനത്തോടൊപ്പം ധാർമ്മിക മൂല്യങ്ങളും ഗ്രഹിച്ചാലേ ജീവിതചക്രം, പാളം തെറ്റാതെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയു എന്നു നന്നായി മനസ്സിലാക്കിയിരുന്ന പുല്ലോക്കാരനച്ചൻ, മേല്പറഞ്ഞകാര്യത്തിലും കൂടുതൽ ശുഷ്കാന്തികാണിച്ചുപോന്നിരുന്നു.ഇങ്ങനെ പാഠ്യവിഷയങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് പുല്ലോക്കാരനച്ചൻ അർപ്പണബോധത്തോടെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് സെന്റ് തോമസ് കോളേജ് ഹൈസ്കൂൾ പ്രശസ്തിയുടെ പരമകാഷ്ഠയെ പ്രാപിച്ചത്. എസ്. എസ്. എൽ. സി. യ്ക്ക് റാങ്കുകളുടെ നൂറുമേനി കൊയ്ത്തുതന്നെയായിരുന്നു. മൊത്തത്തിലും മിക്ക

വിഷയങ്ങളിലും റാങ്ക നേടുക ഒരു സാധാരണ സംഭവമായി. സമകാലികരായ ജോൺ പാലോക്കാരനച്ചൻ കോളേജിൽന്റേയും, പുല്ലോക്കാരനച്ചൻ ഹൈസ്കൂളിന്റെയും ഭരണസാ രഥികളായിരുന്നപ്പോഴാണ് സെന്റ് തോമസ്സിന്റെ സുവർണ്ണ കാലമെന്നു പറയാം. 1927

ഒക്ടോബർ 14 സെന്റ് തോമസ്സിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യേണ്ട ഒരു സംഭവമുണ്ടായി. ലോകവന്ദ്യനും സ്വാതന്ത്ര്യസമര സേനാനായകനും പിന്നീട് നമ്മുടെ രാഷ്ട്രപിതാവുമായ മഹാത്മാഗാന്ധി അന്ന് സെന്റ് തോമസ് കോളേജ് സന്ദർശിച്ച് പ്രഭാഷണം നടത്തിയ പുണ്യദിനമാണ്. സ്വാതന്ത്ര്യസമരകാലത്ത് ക്രിസ്തീയ സഭയുടെ അച്ചടക്കത്തിലും നിയന്ത്രണത്തിലും കഴിഞ്ഞിരുന്ന ഒരു കലാലയത്തിൽ ബ്രിട്ടീഷുഭരണത്തിന്റെ ബദ്ധശത്രുവായ മഹാത്മജിയെ സ്വാഗതം ചെയ്യാനും പ്രസംഗിപ്പിക്കാനും പ്രകടിപ്പിച്ചധീരോചിതമായ സ്വരാജ്യസ്നേഹത്തെ പ്രകീർത്തിക്കേണ്ടതാണെന്ന് കോളേജിന്റെ വജ്രജൂബിലിയാഘോഷവേളയിൽ, അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. കെ. നായനാർ അഭിപ്രായപ്പെട്ട കാര്യവും ഇത്തരുണത്തിൽ ഓർമ്മിച്ചുകൊള്ളുന്നു.

പുല്ലോക്കാരനച്ചന്റെ പിൻഗാമിയായി വന്ന ഫാ. ആന്റണി തേലപ്പിള്ളിയച്ചനും (1946-1961)ഹൈസ്കൂളിന്റെ പേരും പെരുമയും നിലനിർത്തുവാൻ അക്ഷീണം യത്നിച്ച കർമ്മയോഗി തന്നെയായിരുന്നു. ഇദ്ദേഹം കായികരംഗം പൂർവ്വാധികം പരിപുഷ്ടമാക്കി. അക്കാലത്ത് സെന്റ് തോമസ്സിലെ പല ഫുട്ബോൾ താരങ്ങളേയും അന്തർദ്ദേശീയ തലങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് അഭിമാനപൂർവ്വമല്ലാതെ അനുസ്മരിക്കാൻ വയ്യ. ഇന്നും ഈ സ്ഥാപനവും ഇതിന്റെ ബ്രാഞ്ചായിരുന്ന ഇന്നത്തെ തോപ്പ് സെന്റ് തോമസ് ഹൈസ്കൂളും കായികരംഗത്ത് ഉന്നത നിലവാരം പുലർത്തിപ്പോരുന്നുണ്ട്.സെന്റ് തോമസ്സിൽ തേലപ്പിള്ളിയച്ചനാണ് വേദോപദേശവും സന്മാർഗ്ഗപാഠവും പഠിപ്പിക്കുന്ന അധ്യാപകന്മാർക്ക് ക്ഷീണം മാറ്റാനും ഊർജ്ജം പകരാനുമായി കാപ്പി കൊടുക്കാൻ സൗകര്യമേർപ്പെടുത്തിയത്. തേലപ്പിള്ളിയ്ക്കുശേഷം ഹൈസ്കൂൾ അല്പമൊരു ഇറക്കയാത്ര ആരംഭിച്ചുവെന്ന് പറയാം.എന്നാൽ അനുഭവംകൊണ്ട് പഠിച്ചിട്ടെന്ന പോലെ വീണ്ടും സെന്റ് തോമസ് കോളേജ് ഹൈസ്കൂൾ ഉയർച്ചയുടെ പാതയിലേക്ക് തിരിച്ചുവന്നിട്ടുണ്ട്. 1933 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്ന 65 കുട്ടികളുംപാസ്സായി100 ശതമാനത്തിലെത്തി.
പ്രാധാനാധ്യാപകന്റെ പ്രത്യുൽപ്പന്നമതിത്വവും സ്നേഹമസൃണമായ ആജ്ഞാശക്തിയും നയതന്ത്രവും, അധ്യാപകരുടെ ആത്മാർത്ഥമായ അധ്യാപനപാടവവും, അച്ചടക്കമുള്ള (ആദ്യത്തെ രണ്ടുഘടകം ചേർന്നാൽ

അച്ചടക്കം ഏറെക്കുറെ വന്നു കൊള്ളും). വിദ്യാർത്ഥികളുടെ പഠനവുമാണ് വിദ്യാലയത്തിന്റെ വിജയപതാക പാറിക്കുന്ന മുഖ്യ ഘടകങ്ങൾ. വേണ്ടപ്പെട്ടവർ ഇത് നന്നായി മനസ്സിലാക്കി പ്രവർത്തിച്ചതിന്റെ ഫലമായി സെന്റ് തോമസ് കോളജ് ഹൈസ്കൂളിന്റെ പഴയ പേരും പെരുമയും പൂർണ്ണമായും വീണ്ടും കൈവരിക്കാൻകഴിഞ്ഞു.

1989 ജനുവരിയിൽ ഈ സരസ്വതി ക്ഷേത്രത്തിന്റെ ശതാബ്ദി വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. 1994 ഒക്ടോബർ 11 ന് കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നു വീണു. 1995- 1997 വർഷങ്ങളിൽ സ്ഥലപരിമിതി മൂലം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയും 1996 ഏപ്രിൽ 13 -ാം തിയ്യതി അഭിവന്ദ്യ മെത്രാപോലീത്ത മാർ ജോസഫ് കുണ്ടുകുളം അടിസ്ഥാന ശില ആശീർവദിക്കുകയും 1997 ഒക്ടോബർ 10-ന് അഭിവന്ദ്യ മെത്രാപോലീത്ത മാർ ജേക്കബ് തൂങ്കുഴി ശിലാസ്ഥാപനം നടത്തുകയും ചെയ്തു. സ്കൂളിന് 110 വയസ്സ് പൂർത്തിയായ 1998 ഫെബ്രുവരി 21-ാം തിയ്യതി അഭിവന്ദ്യ മെത്രാപോലീത്ത മാർ ജേക്കബ് തൂങ്കുഴി പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മവും ബഹു.കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. പി. ജെ. ജോസഫ് ഉദ്ഘാടനകർമ്മവും നിർവ്വഹിച്ചു. രണ്ടായിരാമാണ്ട് ജൂൺ 26-ാംതിയ്യതി, ഈ വിദ്യാലയം ഒരു ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. ഇപ്പോൾ മൂന്ന് സയൻസ് ബാച്ചുകളും,രണ്ട്കോമേഴ്സ് ബാച്ചുകളും പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ അതിരൂപതയുടെ നേരിട്ട ഭരണത്തിൽ കീഴിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം, വിദ്യാർത്ഥികളുടെ ബുദ്ധിപരമായ വളർച്ചക്കുപരി അവരുടെ സ്വഭാവ രൂപീകരണത്തിന് പ്രാധാന്യം നൽകികൊണ്ട് ഉത്തമപൗരന്മാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ നഗരത്തിന്റെ തിലകക്കുറിയായ ഈ സ്ഥാപനം വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ അസൂയാവഹമായ സ്ഥാനം അലങ്കരിച്ചു പോരുന്നു.

വിശ്വദീപമായ യേശുവിന്റെ സ്നേഹപ്രകാശം പരത്തുവാനെത്തിയ വിശുദ്ധ തോമാസ്ലീഹായുടെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ ഹൈസ്കൂൾ ലോകകുടുംബത്തിന് ഉത്തമ മാതൃകയായ് നിലകൊള്ളുന്നു.

## ഗത്യന്തരമില്ലാ ജീവിതം കഥ

പ്രളയമൊന്നു ശമിച്ചപ്പോൾ അവൾ വീട്ടിലേക്കു പോയി. അവൾ നിറഞ്ഞ കണ്ണുകളോടെ അവളുടെ വീടിനെ നോക്കി. ആകെ തകർന്നിടിഞ്ഞിരിക്കുന്നു. കുറച്ചു നേരത്തേക്ക് അവളങ്ങനെ നിന്നു. വെള്ളവും ചെളിയും നിറഞ്ഞ് കിടക്കുന്ന വീട് കണ്ടപ്പോൾ അവൾക്ക് സഹിക്കാൻ കഴിയുന്നതിലുമപ്പുറമായിരുന്നു. വീടിന്റെ പകുതി പൊളിഞ്ഞു വീണിരിക്കുകയായിരുന്നു. അച്ഛൻ നടക്കാൻ പറ്റാത്ത അവസ്ഥ. അമ്മയാണെങ്കിൽ റോഡപകടത്തിൽ മരിച്ചു. അവരുടെ ഏക സ്വത്തായിരുന്നു ആ കൊച്ചുവീട്. അവൾ പൊട്ടിക്കരഞ്ഞു, തിരിഞ്ഞു അച്ഛനെ നോക്കി. വാവിട്ടു കരയുകയാണ് ആ സാധുമനുഷ്യൻ. ഇനി എന്തിനുജീവിക്കുന്നു എന്ന് അവളുടെ മനസ്സിൽ പെട്ടെന്നൊരാശയംവന്നു. വീട്ടുവേല ചെയ്തും കടം വാങ്ങിയും ഉണ്ടാക്കിയ സ്വത്ത് ഇപ്പോൾ മണ്ണിൽ ചിതറി കിടക്കുന്നു. അവളുടെ അച്ഛന്റെയും അമ്മയുടേയും പ്രണയവിവാഹമായിരുന്നു. അത് അറിഞ്ഞതുതൊട്ട് അവരുടെ ബന്ധുക്കൾ അവരെ ഒഴിവാക്കിക്കളഞ്ഞു. ഇനി അങ്ങോട്ട് തിരിഞ്ഞുനോക്കാൻ വരെ അവൾക്ക് കഴിയില്ല. ഇനിയുള്ള കാലം എങ്ങനെ ജീവിക്കും എന്ന് അവൾക്ക് അറിയില്ല. പ്രളയം അത്ര ക്രൂരതയാണ് അവളോട് ചെയ്തത്. അവൾ ഒരു വലിയ ശബ്ദത്തിൽ ദൈവത്തിനോടെന്നപോലെ ചോദിച്ചു."നീയെന്തിനു എനിക്കും അച്ഛനും ഈ ഗതി തന്നു". അവൾ അലമുറയിട്ടു കരഞ്ഞു. പെട്ടെന്നാണ് അത് സംഭവിച്ചത്. അച്ഛൻ ഒന്നു നിലവിളിച്ചു. പിന്നെ അനക്കമില്ലാതായി. അവൾ ഓടിച്ചെന്നു മണ്ണിലേക്കു ചായുന്ന അച്ഛനെ താങ്ങിപ്പിടിച്ചു. ഇപ്പോഴിതാ അച്ഛനും തന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു. നാട്ടുകാരെല്ലാം അപ്പോഴേക്കും അവളുടെ അടുത്തേക്കു വന്നു. ഇനിയുള്ള ജീവിതം ഒരു കെട്ടഴിഞ്ഞ നൂലിന്റെ പോലെയാണെന്ന് അവൾക്കു മനസ്സിലായി. വീടിന്റെ നേരെയുള്ള പുഴയിലേക്ക് അവൾ എടുത്തുചാടി. കുറച്ചുനേരത്തേക്ക് അവൾ ആ കുത്തിയൊഴുകുന്ന വെള്ളത്തിൽ കിടന്ന് പിടഞ്ഞു. പിന്നെ അവളുടെ ശവം പൊന്തിക്കിടന്നു. അവൾ വെള്ളത്തിന്റെ ഒപ്പം ഒലിച്ചുപോയി. അപ്പോഴും കാറ്റ് അടുത്ത മഴക്കുള്ള സൂചനപോലെ തണുത്തു വീശി.



**ഷാരംഗ് സജിത്ത്**
**9B**

# Our Earth

കവിത

No matter where we roam,

This Earth is our home.

The birds in the sky,

watch them fly high.

The fish in the sea,

watch them as they swim happily.

This planet is one of a kind,

another like it is hard to find.

Let's make saving the planet cut number.

“I mission ” we all can do our share,

For cleaner water and cleaner air.

Our future doesn't have to be bleak if clean a

Green earth is what we seek

PATRICK JUNAS

9A



**നിഴൽപ്പാട്ടുകൾ** **കവിത**



സുഹൃത്തേ,
നീയെറിഞ്ഞ കരിങ്കൽച്ചീളുകൾ
വന്നുതറച്ചിതെൻ കണ്ണിണകളിൽ
വാർന്നൊഴുകീ ചോരയും കണ്ണീരും
എൻമുഖവും മനവും വികൃതമായ്
എനിക്കന്യമായ് തീർന്നെല്ലാം
വെളിച്ചവും വർണ്ണവും
നിൻ മുഖം പോലും.....
നിൻ മുഖം പോലും.....

ലിറ്റി സി എൽ
മലയാളം അധ്യാപിക

## മൂന്നു മാലാഖമാർ

കഥ



ഒരിക്കൽ ഒരു മദ്ധ്യവയകൻ വൈകുന്നേരം ജോലി കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ മൂന്നു മാലാഖമാർ തന്റെ മുറ്റത്ത് നിൽക്കുന്നതായി കണ്ടു. ഇതു കണ്ട് അയാൾ ആശ്ചര്യപ്പെട്ടു നിൽക്കുമ്പോൾ ആരോ അയാളുടെ കാതിൽ ഇങ്ങനെ മന്ത്രിച്ചു ഇതിൽ ഒരു മാലാഖയെ നിനക്ക് വീട്ടിലേക്ക് കയറ്റാം".അപ്പോഴാണ് ആ മധ്യവയസ്കൻ ആ മൂന്നു മാലാഖമാരെയും ശ്രദ്ധിച്ചു നോക്കുന്നത് അപ്പോൾ അവയുടെ നെറ്റിയിൽ എന്തോഒന്ന് എഴുതിയിരിക്കുന്നതായി അദ്ദേഹത്തിനു കാണുവാൻ സാധിച്ചു. ഒന്നാമത്തെ മാലാഖയുടെ നെറ്റിയിൽ 'കീർത്തി' എന്നും രണ്ടാമത്തേതിന്റെ നെറ്റിയിൽ 'സ്നേഹം'എന്നും മൂന്നാമത്തേതിന്റെ നെറ്റിയിൽ 'ധനം' എന്നും എഴുതിയിരുന്നു. ഇതിനെ കുറിച്ച് അയാൾ ചിന്തിച്ചു നിൽക്കുമ്പോൾ പിന്നെയും ആരോ അദ്ദേഹത്തിന്റെ കാതിൽ പിന്നെയും മന്ത്രിക്കാൻ തുടങ്ങി: "ഇതിൽ ഒരു മാലാഖയെ നിനക്ക് വീട്ടിലേക്ക് കയറ്റുക".അയാൾ കുറച്ചു നേരം മൂന്നു മാലാഖയെയും നോക്കി എന്നിട്ട് 'സ്നേഹം' എന്ന മാലാഖയെ വീട്ടിലേക്കു കൊണ്ടുപോയി. വീട്ടിൽ എത്തിയപ്പോൾ അയാൾ തന്റെ മുറ്റത്തേക്കു തിരിഞ്ഞു നോക്കി. അപ്പോൾ കീർത്തി,ധനം എന്ന മാലാഖമാരും അദ്ദേഹത്തിന്റെ കൂടെ വീട്ടിലേക്കു കയറി വന്നു. അങ്ങനെ അയാളുടെ ജീവിതം അനുഗ്രഹപ്രദമായി മാറി.

സ്നേഹമുണ്ടെങ്കിൽ കീർത്തിയും ധനവും തനിയെ ഉണ്ടാകും എന്ന സന്ദേശമാണ് ഈ കഥ നൽകുന്നത്.

ജോവിൻ ജോൺ
9A

# Best friends

കവിത

One hand in mine, my hand in thine,
we walk through life's stark shadow,
Two as one and one combine
To fight the night's dark battle.

My strength to thine , and thine to mine,
Our forever never fellow,
Two friends are one by co-design
To face our common morrow

I pledge my trust , thine  trust is mine
Through life's deep joy and sorrow,
One for all and all align
And this our common motto

Best friend of mine and mine to thine,
No greater love to follow
Two as one and one define
A friendship to the marrow



Hamandh
9A

## സത്യസന്ധനായ വൃദ്ധൻ                                   കഥ



ഒരിക്കൽ ഒരു ഗ്രമാത്തിൽ രണ്ട് വൃദ്ധ ദമ്പതികളുണ്ടായിരുന്നു അവർക്ക് മക്കളില്ലായിരുന്നു. ഭാര്യയുണ്ടാക്കുന്ന പാൽക്കട്ടി ഭർത്താവ് അങ്ങാടിയിൽ കൊണ്ടുപ്പോയി വിറ്റാണ് ദരിദ്രരായ വൃദ്ധദമ്പതികൾ ജീവിച്ചിരുന്നത് ഒരു കിലോ വീതംതൂക്കം വരുന്ന പാൽക്കട്ടികളാണ് അവർ ഉണ്ടാക്കിയിരുന്നത് അങ്ങനെയിരിക്കെ പാൽക്കട്ടിയുടെ തൂക്കത്തിൽ സംശയം തോന്നിയ കടക്കാരൻ ഒരു ദിവസം അവ തൂക്കിനോക്കിയപ്പോൾ തൊള്ളായിരം ഗ്രാം മാത്രമേ കണ്ടുള്ളു അതിൽ അരിശം പൂണ്ട കടക്കാരൻ പിറ്റേ ദിവസം വൃദ്ധൻ വിൽപ്പനക്കായി വന്നപ്പോൾ വല്ലാതെ ശകാരിക്കുകയും ആക്ഷേപിക്കുകയും ചെയ്തു പ്രയാസത്താൽ തലതാണുപോയ ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞു സുഹൃത്തേ അവ തൂക്കിനോക്കാൻ ഞങ്ങളുടെ വീട്ടിൽ ത്രാസില്ല ഒരിക്കൽ താങ്കളിൽ നിന്നും തൂക്കി വാങ്ങിയ ഒരു കിലോ പഞ്ചസാരയുടെ തൂക്കത്തിലാണ് ഞങ്ങൾ പാൽക്കട്ടികളുണ്ടാക്കിയിരുന്നത് ഇതു കേട്ട കടക്കാരൻ ലജ്ജിതനായി.

ആനന്ദ് എസ്
9B

## സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട                    കഥ

ഒരിടത്ത് ഒരു എലിയമ്മയുണ്ടായിരുന്നു.ആ എലിയമ്മ ഒരു ഗർഭിണിയായിരുന്നു. പ്രസവ സമയമായപ്പോൾ ആ അമ്മയ്ക്ക് നാലു കുട്ടികൾ ജനിച്ചു.അതിൽ മൂന്നു പേർ സൽസ്വഭാവികളായിരുന്നു. അതിൽ നാലാമത്തവൻ കുറുമ്പനായിരുന്നു. അവൻെറ പേര് ചിക്കു എന്നായിരുന്നു.അവൻ അമ്മ പറയുന്നത് അനുസരിക്കുകയില്ലായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മ അവരെ കപ്പത്തോട്ടത്തിലേയ്ക്ക് കൊണ്ടു പോയി. അവിടെ അവർ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു .അപ്പോൾ അമ്മ അവിടെയൊരു ചക്കി പൂച്ചയെ കണ്ടു .അമ്മ പറഞ്ഞു ." മക്കളേ , മാളത്തിനുള്ളിൽ കയറൂ...." . അമ്മ പറഞ്ഞതനുസരിച്ച് മക്കൾ മൂന്നു പേരും മാളത്തിൽ കയറി .എന്നാൽ ചിക്കു എന്നു വിളിക്കുന്ന നാലാമൻ മാത്രം മാളത്തിൽ കയറാതെ തോട്ടത്തിൽ അലഞ്ഞുതിരിഞ്ഞു നടന്നു .അവൻ ചക്കി പൂച്ചയെ കണ്ടു .ആ വെപ്രാളത്തിൽ അവൻ എവിടെയെന്നില്ലാതെ പാഞ്ഞു .അവൻ കിതച്ചുക്കൊണ്ട് ഒരു തെരുവു വിളക്കിന്റെ അടിയിൽ ചെന്നിരുന്നു . അങ്ങനെയിക്കേ അവന് വിശന്നു . ഭക്ഷണം തേടി അവൻ നടന്നു . അപ്പോൾ ഒരു വീട്ടിൽ ഒരു പെട്ടിക്കകത്ത് ഒരു കഷണം കപ്പയിരിക്കുന്നത് കണ്ടു . തന്റെ വിശപ്പുമൂലം അവന് അതു കഴിക്കാൻ തിടുക്കനായി .അവൻ ഒടി കപ്പ കഷണം എടുത്തു പെട്ടെന്ന് ഒരു ഭയാനഗമായ ശബ്ദം അവൻ കേട്ടു . അതിനു ശേഷം അവന് ആ പെട്ടിയിൽ നിന്നിറങ്ങുവാൻ കഴിഞ്ഞില .അപോഴാണ് അവന് താൻ കൂട്ടിലാണെന്ന് മനസിലായത് . അവൻ ഏങ്ങി കരഞ്ഞു തുടങ്ങി . അവൻ പറഞ്ഞു



“അമ്മ പറഞ്ഞത് കേട്ടാമതിയായിരുന്നു ശൊ! ഇനി പറഞ്ഞിട്ടെന്താ ഞാൻ പെട്ടുപോയി . ഇപ്പോഴാ എനിക്കൊന്നു മനസിലായി.

മുതിർന്നവർ പറയുന്നത് കേട്ടില്ലെങ്കിൽ അനുഭവം കൊണ്ടു പഠിക്കണം .

ജോസാന്റോ പി ബിനോയ്
9B

# പ്രളയം



പ്രളയക്കാലത്ത് കേരളത്തിൽ ചർച്ചയായ ഒരു വിഷയമായിരുന്നു കേരളത്തിലെ ജനങ്ങളുടെ ഒത്തൊരുമ. എല്ലാവരും ഒന്നെന്ന വിശ്വാസത്തോടെ കേരളം പ്രളയത്തെ ഒത്തൊരുമയോടെ നേരിട്ടു. മനുഷ്യൻ ചെയ്ത പ്രവർത്തികൾ കൊണ്ടുതന്നെയാണ് കേരളത്തിൽ പലയിടങ്ങളിലും വെള്ളം പൊങ്ങിയത്. പ്രകൃതിയെ ചൂഷണം ചെയ്തപ്പോൾ മനുഷ്യൻ മറന്നുപോയ പ്രകൃതി തിരിച്ചടിക്കുമെന്ന് ഇനിയങ്ങോട്ടുള്ള കേരളത്തിൽ പുനർനിർമ്മാണത്തിന് ഏറ്റവും ആവശ്യം മനുഷ്യന്റെ ഒത്തൊരുമയാണ്. പ്ലാസ്റ്റിക്ക് കൊണ്ടുള്ള വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക മരങ്ങൾ വെട്ടുന്നത് നിർത്തുക. അങ്ങനെ പ്രകൃതിയെ സ്നേഹിച്ചുകൊണ്ടുള്ള നല്ലൊരു നവകേരളം മുന്നിൽ കണ്ട് നല്ലൊരു ഹരിതമായ കേരള ഭാവി മുന്നിൽ കണ്ട് നമുക്ക് ജീവിക്കാം.

**അർജിൻ**
**9B**

## യാത്രാവിവരണം



മുംബൈയിലേക്ക് പോകുന്നവഴയ്ക്കാണ്, ലക്സ്-പോ എന്ന ജാപ്പനീസ് യാത്രികനെ കണ്ടുമുട്ടുന്നത്. ലാക്സ്-പോ നന്മനിറഞ്ഞ ഒരു മനുഷ്യനാണ് എന്ന് അദ്ദേഹത്തിന്റെ വർത്തമാനത്തിലൂടെ ഞങ്ങൾക്ക് മനസ്സിലായി. അപ്പോൾ നിങ്ങൾ കരുതും എനിക്ക് അദ്ദേഹം പറഞ്ഞത് മനസ്സിലായി കാണുമോ എന്ന് ഇല്ല , അദ്ദേഹം പറഞ്ഞത് ഒന്നും മനസ്സിലായില്ല. ഇംഗ്ലീഷ് ഭാഷ കുറച്ച് കൈവശമുണ്ടായിരുന്നത് കൊണ്ട് പുസ്തകത്തിൽ എഴുതിയായിരുന്നു ഞങ്ങളുടെ ഭഷാവിനിമയം.

ഇന്ത്യക്കാരിൽ നിന്നും അദ്ദേഹം വളരെ വ്യത്യസ്ഥനാണ് . ഞാൻ പുറത്തേക്ക് കളയാൻപോയ പ്ലാസ്റ്റിക്ക് വെയ്സ്റ്റ് അദ്ദേഹം വാങ്ങി ബാസ്കറ്റിൽ കൊണ്ടു പോയിട്ടു. അന്ന് ഞാൻ മനസ്സിലാക്കി, എന്തുകൊണ്ടാണ് ജപ്പാൻ നഗരങ്ങൾ ലോകത്തിൽ ഏറ്റവും വൃത്തിയിലുള്ള നഗരങ്ങളിൽ ഒന്നായിമാറി എന്നത്. വളരെയധികം അദ്ദേഹത്തോട് സംസാരിച്ചശേഷം ഞങ്ങൾ അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്നു. പിറ്റേന്ന് രാവിലെ പത്തര മണിയോടെ ലാക്സ്-പോ, ഗോവ ട്രെയിൻ സ്റ്റേഷനിൽ ഇറങ്ങി. ഞങ്ങളോട് യാത്ര പറഞ്ഞാണ് അദ്ദേഹം പോയത്. അന്ന് വൈകീട്ട് അഞ്ച് മണിയോടെ ഞങ്ങൾ ബോംബയിലെത്തി. ട്രെയിൻ ഇറങ്ങിയത് ഇന്ത്യയിൽത്തന്നെ ഏറ്റവും വലിയ സ്റ്റേഷനുകളിൽ ഒന്നായ പനവേലിലാണ്. അവിടെ ഞങ്ങളെ വരവേറ്റത് പ്രസാദാത്മകമായ ഒരു ചുറ്റുപാടാണ്. നല്ല തണുത്ത കാറ്റ്. അന്ന് ഞങ്ങൾ അവിടെയുള്ള ആന്റിയുടെ വീട്ടിൽ കഴിഞ്ഞു. അന്ന് എവിടേക്കും പോയിരുന്നില്ല. പിറ്റേന്ന് രാവിലെ ഒൻമ്പതു മണിയോടെ ഞങ്ങൾ പുറത്തിറങ്ങി. വൃത്തിയലായ്മയുടേയും, തിരക്കുകളുടെയും നകരമാണ് ബോംബേ എന്ന് അവിടെനിന്ന് ഞങ്ങൾ മനസിലാക്കി.

രവിരാം എന്ന പാക്കിസ്ഥാനിക്കാരനായിരുന്നു ഞങ്ങളുടെ വഴിക്കാട്ടി. ഞങ്ങൾ ഇന്ത്യാഗേയിറ്റ്, ജഹൂബീച്ച്, സയൻസ്പാർക്ക് എന്നിവ കണ്ടു.പിറ്റേന്ന് ഞങ്ങൾ നാട്ടിലേക്കതിരിച്ചു. ഇനി എന്ന് ലാക്സ്പോയെയും രാമിനെയും ബോംബേ നകരത്തെയും കാണാൻ കഴിയുമെന്നറിയില്ല.രാം ഇല്ലായിരുന്നെങ്കിൽ ബോംബേയിലെ കാഴ്ച്ചകൾ ഞങ്ങൾക്ക് അനാഥമാകുമായിരുന്നു. രാം എന്ന പാക്കിസ്ഥാനിയെ ഞാൻ എന്നും ഓർക്കും.

**രാഹുൽ ഷാജു**
**9A**

# പ്രതിഭകൾ

## National

## State


FRDIN T R
(Yoga)


VYSHNAV TITO
(Swimming)


VASUDEV P A
(Badminton)



VAISHNAV P A
(Badminton)


ASHIJ RAJESH
(100m & 4x100 Relay)


SALMANUL FARISY. N .S
(Archery)


ASHIL SHAJU
(Tug of War)


ANTONY JOSEPH
(Tug of War)


SANJO JAISON
(Chess)


SWARAJ V S
(Chess)


EBIN BENNY
(Chess)


EDWIN SOBY
(Boxing)


SOJU O D
(Tug of War,Cycle Polo,Kabady)


JEEVAN K JOJO
(Shooting)


GOKUL
(Fencing)


ALAN LAZAR
(Tug of War)

## Kalolsavam


BHAJAN V G
(Ashtapathi)

## നിറക്കൂട്ട്















ഒൻപതാം ക്ലാസിലെ കൂട്ടുകാരുടെ
പേപ്പർ കൊളാഷ് ചിത്രങ്ങൾ

## അണിയറയിൽ

ADITHDEV C S
ALAN JOSE
VYSHNAV TITO
JOVIN JOHN
ADITHYAN T A
NAIJAL BABU
ATHUL BIJU
ANZAL SALIM
JYOTHISH M S
ARJIN NELLIPARAMBIL
ANAND .S
SEBIN XAVIER K
RENIN RAPPAI
ALBERT N V
SIJIN N R
AADARSH .T G
ATHITH ROOPESH
ANAJ KUMAR . K A
GOUTHAM CHANDRA K.R
RAGUL K R
JOSANTO P BINOY

KITE MASTER
MAJISON THOMAS LORANCE

KITE MISTRESS
NEETHA VARGHESE



# കിളിവാതിൽ

# നന്ദി

St Thomas College HSS Thrissur
Unit No: LK/2018/22050
Thrissur-680001 Ph-04872 420585
hmstthomastsr@gmail.com